എം.പി..(2) 5208/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്

തിരുവനന്തപുരം 24/09/2020

## സർക്കുലർനമ്പർ 65/2020

വിഷയം - സഹകരണ വകുപ്പ്- മാർക്കറ്റിംഗ് -പാലക്കാട് പാഡി പ്രൊക്യൂർമെൻറ് , പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1449 ( PAPCOS ) ന്റെ - മോഡേൺ സൈലോ റൈസ് മിൽ പദ്ധതിക്ക് വേണ്ടി ഓഹരി സമാഹരണത്തിന് അനുമതി അപേക്ഷ - സർക്കുലർ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന :- 1) സംഘം ഭരണസമിതിയുടെ 15.06.2020 ലെ 8-)0 നമ്പർ തീരുമാനം.

2) സംഘം ഹോണററി സെക്രട്ടറിയുടെ 02.07.2020-ലെ അപേക്ഷ.

3) പാലക്കാട് ജോയിൻറ് രജിസ്ട്രാർ (ജനറൽ) ന്റെ 03.08.2020 തിയതിയിലെ 3498/2020/പി.1 നമ്പർകത്ത്.

4) വകുപ്പ് 57 ( c )

പാലക്കാട് ജില്ലയിൽ നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് പാഡി പ്രൊക്യൂർമെൻറ് ,പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1449 (PAPCOS )എന്ന പേരിൽ 29/01/2019 ന് സഹകരണ സംഘം രൂപീകൃതമായി നിലവിൽ പാലക്കാട് ജില്ലയിലെ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളാണ് അംഗങ്ങളായിട്ടുള്ളത്. നിലവിൽ 13.50 കോടി രൂപ ഓഹരി മൂലധനമായി സമാഹരിച്ചിട്ടുണ്ട്. ആധുനിക സൈലോ റൈസ് മിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട Detailed Project Report, NABCONS തയ്യാറാക്കി സമർപ്പിക്കുകയും ടി റിപ്പോർട്ട് ഇതിനു വേണ്ടി ഗവൺമെൻറ് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയും സംഘം ഭരണ്സമിതിയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

അംഗീകരിച്ച പദ്ധതി റിപ്പോർട്ട് പ്രകാരം മോഡേൺ റൈസ് മിൽ പദ്ധതിയ്ക്ക് വേണ്ടി വരുന്ന ആകെ ചിലവ് 7504.79 ലക്ഷം രൂപയാണ്. അതിൽ 3000 ലക്ഷം രൂപ സംഘം അതിന്റെ അംഗങ്ങളിൽ നിന്നും ഓഹരിയായി സമാഹരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

700 ലക്ഷം രൂപ സർക്കാർ ഓഹരിയായും ഗ്രാന്റായും അനുവദിച്ച കിട്ടിയിട്ടുണ്ട്. ബാക്കി വരുന്ന 3804.79 ലക്ഷം രൂപ കൂടി ഓഹരി ഇനത്തിൽ സമാഹരിക്കേണ്ടതുണ്ട് എന്ന് ജോയിൻറ് രജിസ്ട്രാർ (ജനറൽ)റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സംഘം നിയമാവലിയിൽ പ്രതിപാദിച്ചിട്ടുള്ളതിനാലും, കേരളത്തിലെ നെൽ കർഷകരുടെ നിലവിലെ സാഹചര്യമനുസരിച്ച് പദ്ധതി നടപ്പിലാക്കേണ്ടത് അത്യന്താപേക്ഷിതമായതിനാലും സംസ്ഥാനത്തിനകത്തെ പ്രാഥമിക സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓഹരി പിരിച്ചെടുക്കുന്നതിനുള്ള അനുമതിക്കായി സൂചന (1) പ്രകാരം സംഘം ഭരണസമിതി തീരുമാനം എടുത്ത് സൂചന (2) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി അപേക്ഷ സൂചന (3) പ്രകാരം പാലക്കാട് ജോയിൻറ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്തിരിക്കുന്നു.

സൂചന (4) ൽ 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 57 (C) പ്രകാരം സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവ് പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. മേൽ തീരുമാനത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം സർക്കുലർ പുറപ്പെടുവിക്കുന്നു.

പാലക്കാട് പാഡി പ്രൊക്യൂർമെൻറ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1449 (PAPCOS) ന്റെ സൈലോ റൈസ് മിൽ പദ്ധതിക്ക് വേണ്ടി ഓഹരിമൂലധനം സമാഹരിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും അവയുടെ പൊതുഫണ്ട് ഉപയോഗിച്ച് പാലക്കാട് പാഡി പ്രൊക്യൂർമെൻറ് , പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1449 (PAPCOS) ന്റെ ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നു. ഇതിലേയ്ക്കായി ബൈലോ ഭേദഗതി ആവശ്യമുള്ള സഹകരണ സ്ഥാപനങ്ങൾ ആയത് അംഗീകരിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

( ഒപ്പ്)

ഡോ. നരസിംഹഗരി T.L റെഡ്ഡി. IAS
സഹകരണ സംഘം രജിസ്ട്രാർ

1. സെക്രട്ടറി,
   പാലക്കാട് പാഡി പ്രൊക്യൂർമെൻറ്, പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 1449 (PAPCOS), പാലക്കാട്
2. ജോയിൻറ് രജിസ്ട്രാർ ,പാലക്കാട്
3. എല്ലാ ജോയിൻറ് രജിസ്ട്രാർമാർക്കും
4. എല്ലാ ജോയിൻറ് ഡയറക്ടർമാർക്കും
5. എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും
6. എഡിറ്റർ സഹകരണ വീഥി-പ്രസിദ്ധീകരണത്തിന്
7. രജിസ്ട്രാറുടെ മേശപ്പുറത്ത്
8. എല്ലാ അഡീഷണൽ രജിസ്ട്രാർമാർക്കും
9. IT സെക്ഷൻ
10. സ്റ്റോക്ക് ഫയൽ
11. സ്പെയർ

//ആജ്ഞാനുസരണം//

ജോയിൻറ് രജിസ്ട്രാർ (മാർക്കറ്റിംഗ്)